കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 10 | ലക്കം 17 | ഡിസംബർ 15 2022

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക


അകത്താളുകളിൽ


2 ലോക മണ്ണ് ദിനാചരണം സംസ്ഥാനതല ഉദ്ഘാടനം ബഹു. കൃഷിമന്ത്രി നിർവഹിച്ചു

3 ക്ഷീരസംഗമം 2022–23 ന് തുടക്കമായി

7 ഹോർട്ടികൾച്ചർ മിഷൻ MIDH പദ്ധതി സംയോജിത വിള വെടുപ്പാനന്തര പരിപാലനം


# വേങ്ങേരി അഗ്രി ഫെസ്റ്റ്

## ബഹു. കൃഷിവകുപ്പ് മന്ത്രി ശ്രീ.പി. പ്രസാദ് ഉദ്ഘാടനം ചെയ്തു




വേങ്ങേരി അഗ്രി ഫെസ്റ്റ് 2022 ഉദ്ഘാടനം കൃഷിവകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് നിർവഹിച്ചു. കാർഷിക ഉത്പന്നങ്ങൾക്ക് വിപണി ഉറപ്പുവരുത്തുന്നതിനും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി കർഷകർക്ക് അവരവരുടെ ഉത്പന്നങ്ങൾക്ക് പരമാവധി വില ഉറപ്പാക്കുന്നതിനും വേങ്ങേരി നഗര കാർഷിക വിപണന കേന്ദ്രത്തിന് സാധിച്ചിട്ടുണ്ട്. ഇതിന്റെ പ്രയോജനം കൂടുതൽ കർഷകരിലേക്കും ജനങ്ങളിലേക്കും വ്യാപിപ്പിക്കേണ്ടതുണ്ട്. കർഷകന് കാർഷികോൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കുകയും ഉപഭോക്താക്കൾക്ക് വിഷരഹിതമായ ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കുകയും ചെയ്യുക എന്നത് വളരെ പ്രധാനപ്പെട്ട ദൗത്യമാണ്. അഗ്രി ഫെസ്റ്റ് പോലെയുള്ള പരിപാടികൾ ഈ സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിന് ഏറെ പ്രയോജനപ്രദമാണെന്ന് മന്ത്രി പറഞ്ഞു.

10 ദിവസം നീ്ിനിൽക്കുന്ന അഗ്രി ഫെസ്റ്റിനാണ് വേങ്ങേരി അഗ്രി ഫെസ്റ്റ് രൂപം കൊടുത്തിരിക്കുന്നത്. ഇതിന്റെ ഭാഗമായി ഫ്ലവർ ഷോ, കാർഷിക-കാർഷികേതര വിപണനവും പ്രദർശനവും, നാട്ടുചന്ത, കാർഷിക സെമിനാറുകൾ, ഫുഡ് കോർട്ട്, അമ്യൂസ്മെന്റ് പാർക്ക്, അലങ്കാര മത്സ്യപ്രദർശനം, കുട്ടികൾക്കുള്ള വിനോദ പരിപാടികൾ തുടങ്ങിയവ വേങ്ങേരി അഗ്രി ഫെസ്റ്റിൻ്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.

വേങ്ങേരി നഗര കാർഷിക മൊത്ത വിപണന കേന്ദ്രത്തിൽ വച്ച് നടന്ന പരിപാടിയിൽ എം എൽ എ തോട്ടത്തിൽ രവീന്ദ്രൻ അധ്യക്ഷത വഹിച്ചു. വേങ്ങേരി മാർക്കറ്റ് സെക്രട്ടറി ശ്രീമതി. രമാദേവി പി ആർ സ്വാഗതം പറഞ്ഞു. കോഴിക്കോട് കോർപ്പറേഷൻ മേയർ ശ്രീമതി. ബീന ഫിലിപ്പ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ഷീജ ശശി കൃഷിവകുപ്പ് ഡയറക്ടർ ശ്രീ. ജോർജ് അലക്സാണ്ടർ (i/c), ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. മിനി ഇ എസ്, വേങ്ങേരി മാർക്കറ്റ് അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. അജയ് അലക്സ്, വ്യാപാരി വ്യവസായി ഏകോപന സമിതി പ്രതിനിധികൾ, ത്രിതല ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്തു. അഗ്രി ഫെസ്റ്റ് ചെയർമാൻ കെ ജയൻ നന്ദി


ചീഫ് എഡിറ്റർ - പത്മം എസ്.
എഡിറ്റർ - ഡോ. ബിന്ദ ഹാരിയറ്റ് ഐവാൻ
അസോസിയേറ്റ് എഡിറ്റർ - ബി.കെ. അനിൽ
അസിസ്റ്റൻറ് എഡിറ്റർ - മുഹമ്മദ് റിയാസ്

# ലോക മണ്ണ് ദിനാചരണം

## സംസ്ഥാനതല ഉദ്ഘാടനം ബഹു. കൃഷിമന്ത്രി നിർവഹിച്ചു

ഈ വർഷത്തെ ലോക മണ്ണ് ദിനാചരണ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം 2022 ഡിസംബർ അഞ്ചിന് വൈകുന്നേരം 5 മണിക്ക് തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയേഴ്സ് ഹാളിൽ വച്ച് ബഹു. ഗതാഗത വകുപ്പ് മന്ത്രി ശ്രീ. ആന്റണി രാജുവിന്റെ അധ്യക്ഷതയിൽ കൃഷി, മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മന്ത്രി ശ്രീ. പി പ്രസാദ് നിർവഹിക്കും. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ശ്രീ. ജി.ആർ. അനിൽ, തിരുവനന്തപുരം മേയർ ശ്രീമതി. ആര്യ രാജേന്ദ്രൻ, എം.പി മറ്റ് വിശിഷ്ടാതിഥികൾ എന്നിവർ ചടങ്ങിൽ പങ്കെടുക്കും .



മണ്ണിന്റെ ആരോഗ്യപരിപാലനത്തിന്റെ പ്രാധാന്യം ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി ഐക്യരാഷ്ട്ര സംഘടന എല്ലാവർഷവും ഡിസംബർ 5 ലോക മണ്ണ് ദിനമായി ആചരിച്ചു വരുന്നു. മണ്ണ് അന്നത്തിന്റെ ഉറവിടം എന്ന വിഷയം മുഖ്യ പ്രമേയമാക്കിയാണ് ഈ വർഷത്തെ ലോക മണ്ണ് ദിനാചരണ പരിപാടികൾ സംഘടിപ്പിച്ചത്. മണ്ണ് സംരക്ഷണത്തിന്റെ പ്രാധാന്യം സംബന്ധിച്ച് സമൂഹത്തെ ബോധവൽക്കരിക്കുകയും കാർഷിക മേഖലയുടെ അടിത്തറയായ മണ്ണാരോഗ്യം മെച്ചപ്പെടുത്തുന്നത് വഴി ആരോഗ്യമുള്ള മണ്ണും ആവാസ വ്യവസ്ഥയും മാനവരാശിയുടെ സൗഖ്യവും ഉറപ്പുവരുത്താനാകും എന്ന സന്ദേശം ജനങ്ങളിലേക്ക് എത്തിക്കുന്നതിനാണ് ലോകമണ്ണ് ദിനാചരണത്തിലൂടെ ഐക്യരാഷ്ട്ര സംഘടന ലക്ഷ്യമിടുന്നത്.

മണ്ണ് ദിനാചരണത്തിന്റെ ഭാഗമായി കർഷകരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള പ്രശ്നോത്തരി, പ്രഭാഷണങ്ങൾ, കേരളത്തിലെ മണ്ണ് ഇന്നലെ, ഇന്ന്, നാളെ എന്ന വിഷയത്തിൽ പാനൽ ചർച്ച, മണ്ണാരോഗ്യ കാർഡ് വിതരണം, കർഷകരുടെ കലാപരിപാടികൾ, എക്സിബിഷൻ എന്നിവ ഉണ്ടായിരുന്നു.



# ക്ഷീരസംഗമം 2022 – 23 ന് തുടക്കമായി

കോഴിക്കോട് ജില്ലാ ക്ഷീര സംഗമം 2022-23 ന് നൻമണ്ട 13 ഡോ. വർഗീസ് കുര്യൻ നഗറിൽ തുടക്കമായി. ഡയറി എക്സ്പോ ഉൽഘാടനം കോഴിക്കോട് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ. എം.പി ശിവാനന്ദൻ നിർവ്വഹിച്ചു.ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ. മോഹനൻ. കെ അധ്യക്ഷത വഹിച്ച ചടങ്ങിൽ ശ്രീ. നാരായണ കുറുപ്പ്, ശ്രീ. സീമ തട്ടഞ്ചേരി, ശ്രീ. ടി.കെ.രാജീവൻ , ശ്രീമതി. സമീറ ഊളാറാട്ട്, ശ്രീമതി.സ്മിത ഉണ്ണുലിക്കണ്ടി, ശ്രീ. കെ.മുരളി, ശ്രീ. മാധവൻ, ശ്രീ. ടി.പി. ഹുസൈൻ, ശ്രീ. വിജയൻ കെ.വി., ശ്രീമതി. മിനി എൻ, സതി സി, ശ്രീമതി. മഞ്ജുഷ. പി, ശ്രീമതി. റിജുല എ എന്നിവർ സംസാരിച്ചു.



തുടർന്ന് നടന്ന സഹകരണ ശില്പശാല നൻമണ്ട ഗ്രാമപഞ്ചായത്ത് ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി. പ്രതിഭാ രവീന്ദ്രൻ ഉദ്ഘാടനം നിർവ്വഹിച്ചു. ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. രാംഗോപാൽ ആർ. മോഡറേറ്റർ ആയ ശില്പശാലയിൽ പി.സി. ബഷീർ (റിട്ട. അസിസ്റ്റന്റ് ഡയറക്ടർ, ആഡിറ്റ്) വിഷയാവതരണം നടത്തി. അത്തോളി ഗ്രാമ പഞ്ചായത്ത് ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ.സുനീഷ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ശ്രീ. അബൂബക്കർ മാസ്റ്റർ, ശ്രീ. പുതുക്കുടി ബാലൻ, ശ്രീ. കുഞ്ഞികൃഷ്ണൻ നായർ, ശ്രീ. സുരേഷ് ബാബു എം.കെ., ശ്രീ. സി.ജെ. പൗലോസ്, ശ്രീ. സനിൽകുമാർ. പി എന്നിവർ സംസാരിച്ചു.

തുടർന്ന് ശ്രീ. രാം ഗോപാൽ ആർ. നയിച്ച വ്യക്തിത്വ വികസന ക്ലാസ്സിൽ ശ്രീ. കെ.വി.ജോർജ്ജ് വിഷയാവതരണം നടത്തി. ശ്രീമതി. ലാവണ്യ സി, ശ്രീ. മഹേഷ്. കെ. കെ എന്നിവർ സംസാരിച്ചു. വൈകുന്നേരം കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രം നയിച്ച ഡയറി ക്വിസ് മത്സരവും ജീവനക്കാരുടെ വിവിധ കലാപരിപാടികളോടെ കലാസന്ധ്യയും നടന്നു.

# ആതവനാട് കേരഗ്രാമം പദ്ധതി ഉദ്ഘാടനം ബഹു. കൃഷി മന്ത്രി ശ്രീ. പി.പ്രസാദ് നിർവഹിച്ചു

ആതവനാട് ഗ്രാമപഞ്ചായത്ത് കൃഷിഭവൻ കേരഗ്രാമം പദ്ധതി ബഹു. കൃഷി മന്ത്രി ശ്രീ. പി പ്രസാദ് ഉദ്ഘാടനം ചെയ്തു. നാളികേര ഉൽപാദനത്തിൽ നാം ഇനിയും മുന്നേറേണ്ടുണ്ട്. ഓരോ വർഷവും 15 ലക്ഷം തെങ്ങിൻ തൈകൾ ആണ് ഗവണ്മെന്റ് ഡിപാർട്മെന്റ് വഴി വിതരണം ചെയ്യുന്നത്. കേരഗ്രാമം പദ്ധതിയിലൂടെ നാളികേരത്തിന്റെ ഉത്പാദനം ഗണ്യമായി വർധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. നാളികേര കർഷകർക്കു ഗുണപ്രദമാകുന്ന എല്ല കാര്യങ്ങളും ഗവൺമെന്റ് ചെയ്യുന്നുണ്ട്. സംഭരണം, സംസ്കരണം, വിപണനം എന്നീ കാര്യങ്ങളിൽ ഊന്നികൊണ്ടു പ്രവർത്തനം വിപുലമാക്കേണ്ടതുണ്ട്. കൃഷി ഭവനുകൾ, സഹകരണ സ്ഥാപനങ്ങൾ, എഫ്.പി.ഒ കൾ തുടങ്ങി എല്ലാ സംവിധാനങ്ങളെയും പ്രയോജനപ്പെടുത്തണം.

ഓരോ കേരഗ്രാമവും നാളികേര അധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നം നിർമിക്കുന്നതിൽ ശ്രദ്ധ ചെലുത്തണം. മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിപണനവും വഴി മാത്രമേ കർഷകന് ഗുണം ലഭിക്കു. മൂല്യ വർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ പരിശീലനം കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ തദ്ദേശീയമായി തന്നെ നടപ്പിലാക്കും. മന്ത്രി അഭിപ്രായപ്പെട്ടു.

ചടങ്ങിൽ തിരൂർഎം.എൽ.എ ശ്രീ. കുറുക്കോളി മൊയ്തീൻ അധ്യക്ഷത വഹിച്ചു. ആതവനാട് ഗ്രാമ പഞ്ചായത്തു പ്രസിഡന്റ് ശ്രീമതി. ടി.പി. സിനോബിയ സ്വാഗതം പറഞ്ഞു . മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. സൈബുന്നിസ സി.പി പദ്ധതി വിശദീകരണം നടത്തി. കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരായ ശ്രീമതി. ബീന എസ്, ശ്രീ. മുഹമ്മദ് സക്കീർ എൻ എം, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. വിനോദ് കുമാർ പി, കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി. വസീമ വേളേരി, ആതവനാട് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. ആസാദ് കെ ടി മറ്റ് ത്രിതല ഗ്രാമ പഞ്ചായത്ത് ജനപ്രതിനിധികൾ കർഷകർ സാമൂഹ്യപ്രവർത്തകർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. കൃഷി ഓഫീസർ ശ്രീമതി. സുമയ്യ പി വി നന്ദി പറഞ്ഞു.

# കേര ഗ്രാമങ്ങൾ സ്വന്തമായ ബ്രാൻഡിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കണം : മന്ത്രി ശ്രീ. പി. പ്രസാദ്

എല്ലാ കേര ഗ്രാമങ്ങളും സ്വന്തമായ ബ്രാൻഡിൽ നാളികേര അധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കണം എന്ന് കൃഷി മന്ത്രി ശ്രീ. പി. പ്രസാദ്.

കൃഷിക്കാരന് കാർഷികോൽപ്പന്നങ്ങൾക്ക് ഉയർന്ന മൂല്യം ലഭിക്കണമെങ്കിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമാണത്തിലൂടെയും വിപണനത്തിലൂടെയും മാത്രമാണ് സാധ്യമാവുക. കൃഷികൊണ്ട് അന്തസാർന്ന ജീവിതം നയിക്കാൻ കൃഷിക്കാരന് കഴിയണം. ശാസ്ത്രീയമായ കൃഷിരീതികൾ അവലംബിക്കുന്ന അതിലൂടെ യും യന്ത്രവൽകരണത്തിലൂടെയും നാളികേര ഉത്പാദനം വർധിപ്പിക്കാൻ കഴിയും. മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ ഉൽപാദനം വിപണനം എന്നിവയിൽ കൃഷിക്കാരൻ നിപുണത ആർജിക്കാൻ വേണ്ടുന്ന പദ്ധതികൾക്ക് മുൻതൂക്കം നൽകണം. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ ശാസ്ത്രീയ പരിശീലനം തദ്ദേശീയമായി തന്നെ നൽകും.



നാളികേര കൃഷിയുടെ ഉൽപ്പാദനവും ഉത്പാദനക്ഷമതയും വര്ദ്ധിപ്പിച്ച് കേരകര്ഷകരുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി, സംസ്ഥാന കാര്ഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതിയുടെ ഉദ്ഘാടനം കുറ്റിപ്പാല എം എം പാലസ് ഓഡിറ്റോറിയത്തിൽ വച്ച് നിർവഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി.

നാളികേര ഉൽപാദനത്തിൽ നാം ഇനിയും മുന്നേറേണ്ടതുണ്ട്.കേരഗ്രാമം പദ്ധതിയിലൂടെ നാളികേരത്തിന്റെ ഉത്പാദനം ഗണ്യമായി വർധിപ്പിക്കാൻ കഴിയും. നാളികേര കർഷകർക്കു ഗുണപ്രദമാകുന്ന എല്ലാ കാര്യങ്ങളും ഗവൺമെന്റ് ചെയ്യുന്നുണ്ട്. ബഹു. മന്ത്രി അഭിപ്രായപെട്ടു.

ചടങ്ങിൽ തിരൂരങ്ങാടി എം. എൽ.എ ശ്രീ. കെ.പി.എ. മജീദ് അധ്യക്ഷത വഹിച്ചു. മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. സി.പി. സൈബുന്നിസ പദ്ധതി വിശദീകരണം നടത്തി. കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരായ ശ്രീമതി. എസ് ബീന, ശ്രീ. മുഹമ്മദ് സക്കീർ എൻ.എം., കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. ബാബു ഷക്കീർ പി ഇ, മറ്റ് ത്രിതല ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ, രാഷ്ട്രീയ പ്രതിനിധികൾ, കർഷകർ എന്നിവർ പങ്കെടുത്തു. പഞ്ചായത്ത് പരിധിയിലെ മികച്ച കർഷകരെ ചടങ്ങിൽ ആദരിച്ചു. ചടങ്ങിനോട് അനുബന്ധിച്ച് നടന്ന സെമിനാറിൽ ആനക്കയം കാർഷിക ഗവേഷണ കേന്ദ്രം ഓഫീസർ ഈ ജൂബൈൽ ക്ലാസ്സെടുത്തു. പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ലിബാസ് മൊയ്തീൻ സ്വാഗതവും കൃഷി ഓഫീസർ റിഷ്‌ലാ പുളിക്കൽ നന്ദിയും പറഞ്ഞു.

# ദേശീയ ഉപഭോക്തൃ ദിന ബോധവൽകരണ പരിപാടി സംഘടിപ്പിച്ചു

ഡയറക്ടറേറ്റ് ഓഫ് മാർക്കറ്റിംഗ് ആൻഡ് ഇൻസ്പെക്ഷൻ ഓഫീസ് കൊച്ചിയുടെയും അഗ്രികൾച്ചർ ഹോൾസെയിൽ മാർക്കറ്റ് വേങ്ങേരിയുടെയും നേതൃത്വത്തിൽ ദേശീയ ഉപഭോക്തൃ ദിനം ആഘോഷിച്ചു.

വേങ്ങേരി മാർക്കറ്റിൽ വച്ച് നടന്ന പരിപാടി കൺസ്യൂമർ ഡിസ്പ്യൂട്ട് റിഡ്രസ്സൽ കമ്മീഷൻ മെമ്പർ ശ്രീ. ബി. ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഉപഭോക്താക്കൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങളെക്കുറിച്ചും അവർക്ക് ലഭ്യമാകുന്ന നിയമപരിരക്ഷയെക്കുറിച്ചും ഉപഭോക്താവ് ബോധവാന്മാരായിരിക്കണം. കേന്ദ്ര-സംസ്ഥാന ഏജൻസികൾ സാക്ഷ്യപ്പെടുത്തിയ ഗുണനിലവാരമുള്ള സാധനങ്ങൾ വാങ്ങുന്നതിൽ ഉപഭോക്താക്കൾ ശ്രദ്ധിക്കണം. ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു.

ഉപഭോക്താവിന്റെ അവകാശങ്ങളെ കുറിച്ചും ഉത്തരവാദിത്വങ്ങളെ കുറിച്ചും ഡയറക്ടറേറ്റ് ഓഫ് മാർക്കറ്റിംഗ് ആൻഡ് ഇൻസ്പെക്ഷൻ കൊച്ചി മേഖല ഓഫീസ് ഡെപ്യൂട്ടി അഗ്രികൾച്ചറൽ മാർക്കറ്റിംഗ് അഡ്വൈസർ ഡോ. അനിൽകുമാർ സംസാരിച്ചു.

കോഴിക്കോട് ലീഗൽ മെട്രോളജി ഇൻസ്പെക്ടർ ശ്രീ. എസ് ഷാജിർ കോഴിക്കോട് ഫുഡ് സേഫ്റ്റി ഓഫീസർ ഡോ. വിഷ്ണു എസ് ഷാജി, റീജിയണൽ അഗ് മാർക്ക് ലബോറട്ടറി സീനിയർ സയിന്റിസ്റ്റ് ശ്രീ. കെ. ജയൻ, മാർക്കറ്റിംഗ് ഓഫീസർ ശ്രീ. എൽ.രാജശേഖരൻ എന്നിവർ ക്ലാസ് എടുത്തു.

കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. ഇ.എസ്. മിനി സ്വാഗതവും നഗര കാർഷിക മൊത്ത വിപണന കേന്ദ്രം സെക്രട്ടറി ശ്രീമതി. പി.ആർ. രമാദേവി നന്ദിയും പറഞ്ഞു.

# 2050 – ഓടെ കേരളം കാർബൺ തുലിത കൈവരിക്കുക ലക്ഷ്യം: ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ

എല്ലാ കേര ഗ്രാമങ്ങളും സ്വന്തമായ ബ്രാൻഡിൽ നാളികേര അധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കണം എന്ന് കൃഷി മന്ത്രി ശ്രീ. പി പ്രസാദ്.

കേരളം കാർബൺ ന്യൂട്രൽ സംസ്ഥാനം എന്ന ലക്ഷ്യത്തിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ച് കഴിഞ്ഞതായും 2050 ഓടെ ഇത് കൈവരിക്കുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു. കൃഷിവകുപ്പിന്റെ സ്റ്റേറ്റ് സീഡ് ഫാം ആയ ആലുവ ഫാമിനെ രാജ്യത്തെ ആദ്യ കാർബൺ ന്യൂട്രൽ ഫാം ആയിട്ടുള്ള പ്രഖ്യാപനം നടത്തിക്കൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ആലുവ ടൗൺ ഹാളിൽ കൃഷിവകുപ്പ് മന്ത്രി പി പ്രസാദിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിലാണ് അദ്ദേഹം ആലുവ ഫാമിനെ കാർബൺ ന്യൂട്രൽ ആയി ഫാം ആയി പ്രഖ്യാപിച്ചത്.

കഴിഞ്ഞവർഷം ഫാമിൽ നിന്നും പുറന്തള്ളിയ കാർബണിന്റെ അളവ് 43 ടൺ ആണ്. എന്നാൽ സംഭരിച്ചതാകട്ടെ 213 ടണ്ണും. പുറന്തള്ളിയ കാർബണേക്കാൾ170 ടൺ അധികം സംഭരിക്കാൻ കഴിഞ്ഞതിനാലാണ് ഫാമിനെ കാർബൺ ന്യൂട്രൽ ആയി പ്രഖ്യാപിക്കുന്നതെന്ന് മുഖ്യമന്ത്രി വിശദീകരിച്ചു. നാടിന്റെ ഭക്ഷ്യ സ്വയം പര്യാപ്തതയ്ക്കായി വിവിധങ്ങളായ പ്രവർത്തനങ്ങൾ സർക്കാർ നടപ്പിലാക്കി വരികയാണെന്നും എന്നാൽ അതിനോടൊപ്പം പാരിസ്ഥിതിക സന്തുലിതാവസ്ഥ കൂടി നാം ഗൗരവമായി കാണേണ്ടതുണ്ടെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. കാലാവസ്ഥ വ്യതിയാനം ഏറ്റവും കൂടുതൽ ബാധിക്കുന്നത് കാർഷിക മേഖലയെയാണ്. കാലാവസ്ഥ വ്യതിയാനത്തിന്റെ മുഖ്യകാരണം കാർബൺ ബഹിർഗമനം ആണ്. കാലാവസ്ഥ വ്യതിയാനം മനുഷ്യജീവനു മാത്രമല്ല, ഭക്ഷ്യ സുരക്ഷയ്ക്കും ആരോഗ്യസുരക്ഷയ്ക്കും ഭീഷണിയാണ്. ആഗോളതലത്തിൽ ഹരിത ഗൃഹ വാതകങ്ങളുടെ പുറന്തള്ളലിന്റെ കണക്കെടുത്താൽ 30 ശതമാനം കാർഷിക മേഖലയിൽ നിന്നാണെന്ന് മനസ്സിലാകും. എന്നാൽ നമ്മുടെ സംസ്ഥാനത്ത്കാർഷിക മേഖലയിൽ നിന്നുള്ള കാർബൺ പുറന്തള്ളൽ വെറും 3 ശതമാനം മാത്രമാണ്. ഇതും കൂടി പടിപടിയായി കുറയ്ക്കുവാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. ആലുവ ഫാം കൂടാതെ മറ്റ് 13 ജില്ലകളിലും ഓരോ ഫാം വീതം ആദ്യഘട്ടത്തിൽ കാർബൺ തുലിത കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടു്. കൂടാതെ സംസ്ഥാനത്തെ140 നിയോജക മണ്ഡലങ്ങളിലും ഓരോ കാർബൺ ന്യൂട്രൽ മാതൃക തോട്ടങ്ങളും ഉടനെ തന്നെ ആരംഭിക്കുന്നതാണ്. എല്ലാം നിയോജക മണ്ഡലങ്ങളിലും ഇതോടൊപ്പം ഓരോ ഹരിത പോഷക ഗ്രാമങ്ങളും ഇതിന്റെ ഭാഗമായി ആരംഭിക്കും.

ആദിവാസി മേഖലകളിൽ ഇത്തരം കൃഷിക്ക് പ്രത്യേകം വനിതാ കൂട്ടായ്മകൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിരപ്പിള്ളി ആദിവാസി മേഖലയിൽ കാർബൺ ന്യൂട്രൽ അതിരപ്പിള്ളി പദ്ധതിക്കായി മൂന്ന് കോടി രൂപ ഇതിനകം തന്നെ ലഭ്യമാക്കിയിട്ടുണ്ട്. വയനാട് കാർബൺ ന്യൂട്രൽ കാപ്പി പദ്ധതി ആരംഭിച്ചു കഴിഞ്ഞു.

പരിസ്ഥിതി സൗഹൃദ ഇടപെടലുകൾ കാർഷിക മേഖലയിൽ മാത്രം ഒതുക്കി നിർത്തുവാനല്ല സർക്കാർ തീരുമാനിച്ചിട്ടുള്ളത്. മറ്റു മേഖലകളിലും ഇതേ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്. കാർബൺ ബഹിർഗമനത്തിന്റെ മറ്റൊരു പ്രധാന സ്രോതസ്സ് എന്ന് പറയുന്നത് ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിച്ചുള്ള വാഹനങ്ങളാണ്. 2018 ൽ തന്നെ സംസ്ഥാനത്ത് ഇലക്ട്രോണിക് വാഹന നയം രൂപീകരിച്ചിട്ടുണ്ട്. ഇലക്ട്രിക് ഓട്ടോറിക്ഷകൾ 25 ശതമാനം സബ്സിഡി നിരക്കിൽ നൽകുന്ന പദ്ധതി നിലവിലുണ്ട്. കേരള ഓട്ടോമൊബൈൽസ് വഴി ഇത്തരം വാഹനങ്ങൾ കൂടുതൽ ഉത്പാദിപ്പിക്കുന്നതിനും കയറ്റുമതി ചെയ്യുന്നതിനും തീരുമാനിച്ചിട്ടു്. സംസ്ഥാനത്തൊന്നാകെ ഇലക്ട്രിക് വാഹന ചാർജിങ് ശൃംഖലകൾ രൂപീകരിക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മരം നട്ടുപിടിപ്പിക്കുക എന്നത് മറ്റൊരു പ്രധാന പ്രവർത്തനമാണ്. ഇതിനായി ട്രീ ബാങ്കിംഗ് പദ്ധതി നടപ്പിലാക്കും. കർഷകർ മരങ്ങൾ വച്ചുപിടിപ്പിച്ചു കഴിഞ്ഞാൽ അവ മുറിച്ചുമാറ്റുന്ന സമയത്ത് വായ്പ തിരിച്ചടച്ചാൽ മതിയെന്ന് വ്യവസ്ഥയിൽ ആയിരിക്കും ട്രീ ബാങ്കിംഗ് പദ്ധതി നടപ്പിലാക്കുക. അതുപോലെ തെരഞ്ഞെടുക്കപ്പെട്ട 50 ൽ കുറയാത്ത വൃക്ഷത്തൈകൾ നട്ട് പിടിപ്പിച്ച് രണ്ട് വർഷം പരിപാലിക്കുന്നവർക്ക് ഇൻസെന്റീവ് ലഭ്യമാക്കുന്നതിനും പദ്ധതി ആലോചിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ആദ്യ സോളാർ ഫെറി 'ആദിത്യ' നീറ്റിലിറക്കി കഴിഞ്ഞു. നിലവിൽ ഇത് അരലക്ഷം കിലോമീറ്റർ സഞ്ചരിച്ചിട്ടുണ്ട്. ഇതിലൂടെ 500 ടൺ കാർബൺ ബഹിർഗമനം കുറയ്ക്കുവാൻ ആയതായും മുഖ്യമന്ത്രി അറിയിച്ചു. 2026 ഓടെ 50% ഫെറി ബോട്ടുകളും സോളാർ ബോട്ടുകൾ ആക്കുന്നതാണ്. കൂടാതെ വീടുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിന് പ്രത്യേക പ്രോത്സാഹനവും നൽകുന്നതാണ്. ഇതിനായി വായ്പകൾക്ക് പലിശ ഇളവ് നൽകുന്നതിനായി 15 കോടി രൂപ ഇതിനകം തന്നെ അനുവദിച്ചിട്ടു്. ഊർജ്ജ സ്രോതസ്സുകളുടെ പുനരുപയോഗ സാധ്യതകൾ പഠന വിധേയമാക്കുന്നതിനും ഗവേഷണം നടത്തുന്നതിനും 10 കോടി രൂപയും അനുവദിച്ചിട്ടു്. 2025 ഓടെ വൈദ്യുതി ആവശ്യത്തിന്റെ 40 ശതമാനം പുനരുപയോഗ സാധ്യതയുള്ള സ്രോതസ്സുകളിൽ നിന്ന് ലഭ്യമാക്കാൻ ആണ് ലക്ഷ്യമിടുന്നത് . അടുത്തവർഷം മുതൽ പരിസ്ഥിതി ബജറ്റ് എന്ന പേരിൽ ബജറ്റിൽ പരിസ്ഥിതി ചിലവ് വരവ് കണക്ക് കൂടി അവതരിപ്പിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

പരിസ്ഥിതി വരും തലമുറയ്ക്കായി കരുതുന്ന ഇടപെടലുകൾ എല്ലാവരിൽ നിന്നും ഉണ്ടാകണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു. പാരിസ്ഥിതിക ഉത്തരവാദിത്വം പ്രതിബദ്ധതയോടെ ഏറ്റെടുക്കുവാൻ എല്ലാവരും തയ്യാറാകേണ്ടതു

ണ്ട്. പരിസ്ഥിതി സന്തുലിത നവകേരളം എന്ന ലക്ഷ്യത്തിനായി ഉള്ള ഒരു ചുവടു വെപ്പായി ആലുവ ഫാമിന്റെ കാർബൺ ന്യൂട്രൽ പ്രഖ്യാപനം മാറട്ടെ എന്നും മുഖ്യമന്ത്രി ആശംസിച്ചു.

ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും ലോകമാകെ ദുരന്തം വിതക്കുമ്പോഴാണ് കേരളം ലോകത്തിന് ആകെ മാതൃകയാവുന്ന തരത്തിൽ കാർബൺ ന്യൂട്രൽ കൃഷി സമ്പ്രദായം നടപ്പാക്കുന്നത്. അന്താരാഷ്ട്ര ഉച്ചകോടികളിൽ വൻകിട രാജ്യങ്ങൾ കാർബൺ ന്യൂട്രലിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ നമ്മുടെ കൊച്ചുകേരളം കാർബൺ ന്യൂട്രലിതയിലേക്ക് ചുവടു വെയ്ക്കുകയാണ്. ഭാവിതലമുറയുടെ നിലനിൽപ്പിന് ഇത്തരം പ്രവർത്തനങ്ങൾ അത്യന്താപേക്ഷിതമായതിനാലാണ് സർക്കാർ ഇങ്ങനെയൊരു നിലപാടെടുത്തത്. ഇതിൻറെ ചുവട്പിടിച്ചു കൃഷി വകുപ്പിന് കീഴിലുള്ള 13 ഫാമുകൾ കൂടി കാർബൺ ന്യൂട്രലാക്കി മാറ്റുമെന്നും യോഗത്തിൻറെ അദ്ധ്യക്ഷത വഹിച്ചുകൊണ്ട് കൃഷിമന്ത്രി പറഞ്ഞു.

മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിച്ച് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി കൃഷി വകുപ്പിൻറെ നേതൃത്വത്തിൽ 11 വകുപ്പുകൾ സംയോജിപ്പിച്ച് വാം (Value added agri. mission) പദ്ധതിക്ക് സർക്കാർ രൂപം നൽകിയെന്നും, ഇതിലൂടെ കർഷകരുടെ വരുമാനത്തിൽ 50% വർദ്ധനവ് ഉണ്ടാക്കുവാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും കൃഷിമന്ത്രി പറഞ്ഞു.

കേരള മാതൃകയുടെ പുതിയ തലമാണ് മുഖ്യമന്ത്രി ഇന്നു പ്രഖ്യാപിച്ച കാർബൺ ന്യൂട്രൽ കൃഷി രീതി .ഇന്ത്യയിലെ ആദ്യത്തെ കാർബൺ ന്യൂട്രൽ ഫാം കാണാൻ ഇന്ത്യയിൽ നിന്നും ,രാജ്യാന്തര തലത്തിൽ നിന്നുമുള്ള ടൂറിസ്റ്റുകളെ ആകർഷിക്കാനാകണമെന്ന് മുഖ്യ പ്രഭാഷണം നടത്തവെ നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി.രാജീവ് പറഞ്ഞു .കാർബൺ ന്യൂട്രൽ കോഫി പാർക്കായി വയനാടിനെ പ്രഖ്യാപിക്കാനുള്ള എല്ലാ പ്രവർത്തനങ്ങളുമായി വ്യവസായ വകുപ്പ് മുന്നോട്ടു പോവുകയാണെന്നും അദ്ദേഹം കൂട്ടി ചേർത്തു

ചടങ്ങിൽ മുതിർന്ന കർഷകനായ ശ്രീ. മേനാച്ചേരി ഔസേപ്പിനെ മുഖ്യമന്ത്രി പൊന്നാടയണിയിച്ച് ആദരിച്ചു.

യോഗത്തിന് കൃഷി വകുപ്പ് സെക്രട്ടറി ഡോ.ബി.അശോക് ഐ.എ എസ് സ്വാഗതം പറഞ്ഞു .കാർബൺ ന്യൂട്രൽ ഫാം - നാൾവഴികളെ കുറിച്ച് വിശദമായ റിപ്പോർട്ട് അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ ഇഷിത റോയ് ഐ.എ എസ് അവതരിപ്പിച്ചു.

ചാലക്കുടി എം.പി. ശ്രീ. ബെന്നി ബെഹനാൻ. അലുവ എം എൽ എ ശ്രീ. അൻവർ സാദത്ത് രാജ്യസഭ എം പി. ശ്രീ. ജെബി മേത്തർ എന്നിവർ ആശംസകൾ നേർന്നു.

ഫാമിന്റെ വികസന കാഴ്ചപ്പാട് അവതരണം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഉല്ലാസ് തോമസ് നിർവഹിച്ചു.

ജില്ലാ കളകടർ ശ്രീമതി. രേണു രാജ് ഐ എസ്, ആലുവ നഗരസഭ ചെയർമാൻ ശ്രീ. എം.ഒ ജോൺ, പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ടി.വി പ്രദീഷ്, ചെങ്ങമനാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. സെബാ മുഹമ്മദാലി പ്രൈസസ്സ് ബോർഡ് ചെയർമാൻ ഡോ. രാജശേഖരൻ, കൃഷി ഡയറക്ടർ i/c ശ്രീ. ജോർജ്ജ് അലക്സാണ്ടർ, കൃഷി അഡീഷൽ ഡയറക്ടർ ശ്രീമതി. വീണാ റാണി ആർ, പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. രാജി ജോസ് എ കൃഷി ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. തോമസ് സാമുവൽ, ഫാം കൃഷി അസി.ഡയറക്ടർ ശ്രീമതി. ലിസിമോൾ ജെ വടക്കൂട്ട് എന്നിവർ പങ്കെടുത്തു

# ഇസ്രായേൽ സന്ദർശിച്ച് കൃഷി പഠിക്കാൻ കേരളത്തിലെ കർഷകർക്ക് അവസരം

ഡയറക്ടറേറ്റ് ഓഫ് മാർക്കറ്റിംഗ് ആൻഡ് ഇൻസ്പെക്ഷൻ ഓഫീസ് കൊച്ചിയുടെയും അഗ്രികൾച്ചർ ഹോൾസെയിൽ മാർക്കറ്റ് വേങ്ങരിയുടെയും നേതൃത്വത്തിൽ ദേശീയ ഉപഭോക്തൃ ദിനം ആഘോഷിച്ചു.

കാർഷിക മേഖലയിൽ അതിനൂതന സാങ്കേതികവിദ്യകളുടെ സഹായത്തോടെ കൃഷിചെലവ് കുറയ്ക്കുകയും ഉയർന്ന ഉത്പാദനക്ഷമത കൈവരിക്കുകയും ചെയ്യുക എന്നത് കർഷക സമൂഹം ആകാംക്ഷയോടെ നോക്കിക്കാണുന്ന വിഷയമാണ്, മാത്രമല്ല ഇത് കാലഘട്ടത്തിന്റെ കൂടി ആവശ്യകതയാണ്. ഇത്തരം സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതിന് മുൻനിരയിൽ നിൽക്കുന്ന രാഷ്ട്രങ്ങളിൽ ഒന്നാണ് ഇസ്രായേൽ. വാട്ടർ മാനേജ്മെന്റ്, റീസൈക്ലിങ് ടെക്നിക്കുകൾ, മൈക്രോ ഇറിഗേഷൻ സിസ്റ്റം, കാലാവസ്ഥ അനുരൂപ കൃഷി മാതൃകകൾ, ഹൈടെക് കൃഷി രീതികൾ, പോളി ഹൗസ് എന്നീ മേഖലകളിലെ ഇസ്രായേൽ സാങ്കേതികവിദ്യകൾ പ്രസിദ്ധമാണ്. ഇത്തരം സാങ്കേതികവിദ്യകൾ നേരിട്ടു കണ്ടു മനസ്സിലാക്കുന്നതിനും പഠിക്കുന്നതിനും സംസ്ഥാനത്തെ കർഷകർക്ക് ഒരു സുവർണ്ണാവസരമൊരുക്കിയിരിക്കുകയാണ് സംസ്ഥാന കൃഷി വകുപ്പ്. ഇസ്രായേലിയൻ സാങ്കേതിക വിദ്യകൾ മനസ്സിലാക്കി ഇവിടത്തെ കൃഷിയിടങ്ങളിൽ പ്രായോഗികമാക്കുന്നതിന് താല്പര്യമുള്ള കർഷകരെ തെരഞ്ഞെടുത്ത് ഇസ്രായേലിലേക്ക് അയക്കുന്നതിനാണ് കൃഷിവകുപ്പ് തീരുമാനിച്ചിട്ടുള്ളത്. താല്പര്യമുള്ള കർഷകർ കൃഷിവകുപ്പിന്റെ എയിംസ് പോർട്ടൽ (www.aimsnew.kerala.gov.in )മുഖേന അപേക്ഷ സമർപ്പിണം പരമാവധി 20 കർഷകർക്കായിരിക്കും അവസരം ലഭിക്കുക. 10 വർഷത്തിനു മുകളിൽ കൃഷി പരിചയവും ഒരു ഏക്കറിന് മുകളിൽ കൃഷിയുമുള്ള 50 വയസ്സിന് താഴെയുള്ള ഇന്നവേറ്റീവ് കർഷകരെ ആയിരിക്കും പഠനയാത്രയ്ക്കായി തെരഞ്ഞെടുക്കുക. മറ്റു മുൻഗണന മാനദണ്ഡങ്ങൾ, നിബന്ധനകൾ എന്നിവ വെബ്സൈറ്റിൽ ലഭ്യമാണ്. ഡിസംബർ 19 മുതൽ എയിംസ് പോർട്ടൽ വഴി കർഷകർക്ക് അപേക്ഷിക്കാവുന്നതാണ്.

# ഹോർട്ടികൾച്ചർ മിഷൻ MIDH പദ്ധതി സംയോജിത വിളവെടുപ്പാനന്തര പരിപാലനം

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തിരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ സംയോജിത വിളവെട്ടപ്പാനന്തര പരിപാലനം എന്ന ഘടകത്തിന് ധന സഹായം നൽകി വരുന്നു.

സംരംഭക പ്രേരിതമായ ഈ പ്രോജക്ടുകൾ വായ്പാബന്ധിതമായാണ് നടപ്പിലാക്കുന്നത്. പദ്ധതി പൂർത്തീകരണത്തിന് ശേഷം മൂല്യ നിർണ്ണയത്തിന് ആനുപാതികമായി സഹായധനം അനുവദിക്കുന്നതാണ്. വ്യക്തികൾ, കർഷക കൂട്ടായ്മകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, രജിസ്റ്റേർഡ് സൊസൈറ്റികൾ, സഹകരണ സംഘങ്ങൾ, പഞ്ചായത്തുകൾ, ട്രസ്റ്റുകൾ, വനിതാ കർഷക സംഘങ്ങൾ, സ്വയം സഹായ സംഘങ്ങൾ (25 അംഗങ്ങളുള്ള) തുടങ്ങിയവർക്ക് സഹായത്തിന് അർഹതയുള്ളതായിരിക്കും. സമതല പ്രദേശങ്ങളിലെ ധന സഹായത്തിന് പുറമേ വയനാട്, ഇടുക്കി എന്നീ മലയോര പ്രദേശങ്ങൾക്ക് 15% അധിക ധന സഹായവും അനുവദിക്കുന്നതാണ്.

പായ്ക്ക്ഹൗസുകൾ സ്ഥാപിക്കുന്നതിന് (9 മീറ്റർ x 6 മീറ്റർ) 2 ലക്ഷം രൂപയും, കൺവെയർ ബെൽറ്റ്, തരംതിരിക്കൽ, ഗ്രേഡിംഗ്, കഴുകൽ, ഉണക്കൽ എന്നീ സംവിധാനങ്ങളോടുകൂടിയ സംയോജിത പായ്ക്ക് ഹൗസ് യൂണിറ്റുകൾക്ക് (9 മീറ്റർ x 18 മീറ്റർ) സമതല പ്രദേശങ്ങളിൽ 17.5 ലക്ഷം രൂപയും, മലയോര പ്രദേശങ്ങളിൽ 25 ലക്ഷം രൂപയും, പ്രീ-കൂളിംഗ് യൂണിറ്റുകൾക്ക് (6 മെട്രിക് ടൺ) സമതല പ്രദേശങ്ങളിൽ 8.75 ലക്ഷം രൂപയും, മലയോര പ്രദേശങ്ങളിൽ 12.5 ലക്ഷം രൂപയും, ശീതീകരണ മുറികൾക്ക് (30 മെട്രിക് ടൺ) യൂണിറ്റൊന്നിന് സമതല പ്രദേശങ്ങളിൽ 5:25 ലക്ഷം രൂപയും, പരമാവധി 5000 മെട്രിക് എന്ന പരിധിയ്ക്ക് വിധേയമായി കോൾഡ് സ്റ്റോറേജുകൾ (ടൈപ്പ് 1) സമതല പ്രദേശങ്ങളിൽ 2800 രൂപ/മെട്രിക് ടണ്ണം, മലയോര പ്രദേശങ്ങളിൽ 4000 രൂപ/മെട്രിക് ടണ്ണം, കോൾഡ് സ്റ്റോറേജുകൾ (ടൈപ്പ് 2) സമതല പ്രദേശങ്ങളിൽ 3500 രൂപ/മെട്രിക് ടണ്ണം, മലയോര പ്രദേശങ്ങളിൽ 5000 രൂപ/മെട്രിക് ടണ്ണം ധന സഹായം നൽകുന്നു.

റീഫർ വാനുകൾക്കായ് (26 മെ.ടൺ) സമതല പ്രദേശങ്ങളിൽ യൂണിറ്റൊന്നിന് 9.1 ലക്ഷം രൂപയും മലയോര പ്രദേശങ്ങളിൽ 13 ലക്ഷം രൂപയും, റൈപ്പനിംഗ് ചേമ്പറിന് സമതല പ്രദേശങ്ങളിൽ 35,000 രൂപ/മെ.ടൺ. മലയോരപ്രദേശങ്ങളിൽ 50,000 രൂപ/മെ.ടൺ, പ്രൈമറി/മൊബൈൽ/മിനിമൽ പ്രോസസ്സിംഗ് യൂണിറ്റുകൾക്ക് സമതല പ്രദേശങ്ങളിൽ യൂണിറ്റൊന്നിന് 10 ലക്ഷം രൂപയും മലയോരപ്രദേശങ്ങളിൽ 13.75 ലക്ഷം രൂപയും പുതിയ പ്രിസർവേഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് യൂണിറ്റൊന്നിന് 1 ലക്ഷം രൂപയും നിലവിലുള്ള പ്രിസർവേഷൻ യൂണിറ്റുകൾക്ക് യൂണിറ്റൊന്നിന് 50,000/- രൂപയും ധനസഹായം നൽകിവരുന്നു.

### വിപണികളുടെ അടിസ്ഥാന സൗകര്യ വികസനം

ഹോർട്ടികൾച്ചർ മേഖലയിലെ വിപണികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ചില്ലറ വിപണികൾ സ്ഥാപിക്കുന്നതിന് സമതല പ്രദേശങ്ങളിൽ 5.25 ലക്ഷം രൂപയും (35%) മലയോര പ്രദേശങ്ങളിൽ 7.5 ലക്ഷം രൂപയും (50%), പഴം/പച്ചക്കറി ഉന്ത് വണ്ടികൾക്ക് 15000/- രൂപയും (50%), ശേഖരണം, തരംതിരിക്കൽ, ഗ്രേഡിംഗ്, പായ്ക്കിംഗ് എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യ വികസനം ഒരുക്കുന്നതിനുള്ള യൂണിറ്റുകൾക്ക് സമതല പ്രദേശ§ളിൽ 6 ലക്ഷം രൂപയും (40%) മലയോര പ്രദേശങ്ങളിൽ (50%) 8.25 ലക്ഷം രൂപയും ധനസഹായം നൽകുന്നു.

കൂടാതെ, കുറഞ്ഞത് ഒരു ഹെക്ടർ വരെ വിസ്തൃതിയുള്ള നഴ്സറികൾ സ്ഥാപിക്കുന്നതിന് 7.5 ലക്ഷം രൂപയും (50%) കൂൺ കൃഷിയ്ക്ക് 8 ലക്ഷം രൂപയും (40%) കൂൺ വിത്തുത്പാദനത്തിന് 6 ലക്ഷം രൂപയും (40%) ധനസഹായം നൽകി വരുന്നു. കൂടുതൽ വിവരങ്ങൾക്ക് ജില്ലാകൃഷിഓഫീസുമായോ കൃഷിഭവനുമായോ ബന്ധപ്പെടാവുന്നതാണ്. വെബ്സൈറ്റ് www.shm.kerala.gov.in

# സി.ടി.സി.ആർ.ഐയിൽ സ്മാർട്ട് കൃഷി ദേശീയ ശിൽപ്പശാല

തിരുവനന്തപുരത്തുള്ള കേന്ദ്ര കിഴങ്ങ് വിള ഗവേഷണ സ്ഥാപനവും ഇന്ത്യ സൊസൈറ്റി ഫോർ റൂട്ട്സ് സംയുക്തമായി ഇന്നുമുതൽ 17 വരെ സ്മാർട്ട് കൃഷി ദേശീയ ശില്പശാല നടത്തുന്നു കാർഷിക മേഖലയിൽ നിർമ്മിത ബുദ്ധി അധിഷ്ഠിത സ്മാർട്ട് കൃഷിയുടെ ഇന്ന് നിലവിലുള്ള സാങ്കേതികവിദ്യകളെയും ഭാവിയിലുണ്ടാകുന്ന സാധ്യതകളെയും കുറിച്ച് ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ധരെ ഉൾപ്പെടുത്തി ദേശീയതല ചർച്ചയും ഭാവി പദ്ധതികളും രൂപപ്പെടുത്തുക എന്നതാണ് ശില്പശാലയുടെ മുഖ്യ ലക്ഷ്യം.

വിവരസാങ്കേതികവിദ്യ അധിഷ്ഠിത ഉപകരണങ്ങളുടെയും സെൻസറുകളുടെയും മറ്റും സഹായത്തോടെ പരിസ്ഥിതി സൗഹൃദവും ആയാസരഹിതവും ഉയർന്ന വരുമാനം ലക്ഷ്യമിട്ടുന്നതുമായ സുസ്ഥിര കൃഷിയുടെ വിവിധ വശങ്ങളെപ്പറ്റി ആ മേഖലയിലെ പ്രമുഖർ സംസാരിക്കുന്നതാണ്. ശ്രീകാര്യത്തുള്ള സി ടി സി ആർ ഐയിൽ ഡിസംബർ 15 ന് സംസ്ഥാന കൃഷി വകുപ്പ് ഡയറക്ടർ ടി.വി സുഭാഷ് ഉദ്ഘാടനം ചെയ്യുന്ന ചടങ്ങിൽ ഐ സി എ ആർ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ എ കെ സിംഗ്, സി ടി സി ആർ ഐ ഡയറക്ടർ ഡോ.എം എ ഷീല, കോഴിക്കോട് സി ഡബ്ല്യു ആർ ഡി ആർ എം ഡയറക്ടർ ഡോ. മാനേജ് പി സാമുവൽ എന്നിവർ പങ്കെടുക്കും. സി ടി സി ആർ ഐ വികസിപ്പിച്ച ഈ ക്രോപ്പ് സ്മാർട്ട് ഫാമിംഗ് ഗവേഷണ രംഗത്തെ വലിയൊരു സംഭാവനയാണ്. കർഷകർക്കും മറ്റ് ഗുണഭോക്താക്കൾക്കും ഇതിന്റെ പ്രകടന മികവ് നേരിട്ട് അനുഭവിച്ച് മനസ്സിലാക്കുന്നതിനായി രാജ്യത്ത് പല ഭാഗത്തും ഇതിന്റെ യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും ഡോ.മിത്ര അറിയിച്ചു.

# കൃഷിദർശൻ – കർഷകരുടെ പരാതികൾ ഓൺലൈനായി സമർപ്പിക്കാം

ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പ് മന്ത്രിയും വകുപ്പിലെ ഉദ്യോഗസ്ഥരും കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് വിവിധ കാർഷിക മേഖലകളിലെ കർഷകരോട് സംവദിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുകയും പരിഹരിക്കുകയും ചെയ്യുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള കൃഷിദർശൻ എന്ന പരിപാടി ജനുവരി മാസം തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ബ്ലോക്കിൽ ആരംഭിക്കുകയാണ്. പ്രസ്തുത പദ്ധതി നെടുമങ്ങാട് ബ്ലോക്കിൽ 2023 ജനുവരി 25 ന് തുടക്കം കുറിക്കുകയാണ്.

പരിപാടിക്ക് മുന്നോടിയായി കർഷകർക്ക് അവരുടെ പരാതികൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. കൃഷിവകുപ്പിന്റെ എയിംസ് (അഗ്രികൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം) പോർട്ടലിന്റെ പുതിയ പതിപ്പിലൂടെയാണ് കർഷകർ പരാതികൾ സമർപ്പിക്കേണ്ടത്. 2023 ജനുവരി 4 വരെയാണ് പരാതികൾ ഓൺലൈനായി സമർപ്പിക്കേണ്ടത്. എഴുതി തയ്യാറാക്കിയ പരാതികൾ ഓൺലൈനായി അപ്‌ലോഡും ചെയ്യാവുന്നതാണ്. കർഷകർക്ക് നേരിട്ടോ, അതത് കൃഷിഭവനുകൾ വഴിയോ പരാതികൾ സമർപ്പിക്കാവുന്നതാണ്.

**കർഷകർ പരാതി സമർപ്പിക്കേണ്ടുന്ന വിധം**

കർഷകർക്ക് ഓൺലൈനായി പരാതി സമർപ്പിക്കാം.

പരാതികൾ സമർപ്പിക്കുന്നതിനായി കൃഷിവകുപ്പിന്റെ AIMS പോർട്ടലിൽ കർഷകർ ലോഗിൻ ചെയ്യേണ്ടതുണ്ട്. കർഷകർ www.aims.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രവേശിച്ച് AIMS New Services എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക. തുടർന്ന് വരുന്ന പേജിൽ ലോഗിൻ ബട്ടണിൽ ക്ലിക്ക് ചെയ്ത് ഐ.ഡി, പാസ്‌വേഡ് എന്നിവ നൽകി ലോഗിൻ ചെയ്യാവുന്നതാണ്. ഐഡി, പാസ്‌വേഡ് എന്നിവ ലഭ്യമല്ലാത്ത കർഷകർക്ക് സ്വന്തം ആധാർ നമ്പർ, മൊബൈൽ നമ്പർ എന്നിവ ഉപയോഗിച്ച് രജിസ്ട്രേഷൻ പൂർത്തിയാക്കാവുന്നതാണ്. www.aimsnew.kerala.gov.in എന്ന വെബ് അഡ്രസ്സ് വഴിയും ഈ പോർട്ടലിൽ ലോഗിൻ ചെയ്യാവുന്നതാണ്.

കർഷകർ ലോഗിൻ ചെയ്ത ശേഷം ഡാഷ്ബോർഡിലെ 'MY LAND' എന്ന ഭാഗത്ത് കൃഷി ചെയ്യുന്ന ഭൂമിയുടെ വിവരങ്ങൾ ചേർക്കേണ്ടതുണ്ട്. ബന്ധപ്പെട്ട കൃഷിഭവൻ, പരാതികൾ പരിശോധിക്കേണ്ട ഉദ്യോഗസ്ഥർ എന്നിവരെ സോഫ്റ്റ്‌വെയർ തെരഞ്ഞെടുക്കുന്നതിനായാണ് കൃഷിഭൂമി വിവരങ്ങൾ ചേർക്കുന്നത്. കരം രസീത്/ പാട്ട ചീട്ട് അപ്‌ലോഡ് ചെയ്യേണ്ടതില്ല.

തുടർന്ന് APPLY New Service എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത് പരാതി ബന്ധപ്പെട്ട കൃഷിഭവനിലേക്ക് സമർപ്പിക്കാവുന്നതാണ്. ഇത്തരത്തിൽ സമർപ്പിക്കുന്ന പരാതിക്ക് ഓൺലൈനായി അപേക്ഷ നമ്പർ നൽകുന്നതും പരാതിയുടെ തൽസ്ഥിതി വിവരങ്ങൾ ഓൺലൈനായി കർഷകന് മനസ്സിലാക്കുവാനും സാധിക്കും. പരാതിയുടെ പകർപ്പ് കർഷകന് പ്രിന്റ് എടുത്തു സൂക്ഷിക്കുന്നതിനും പോർട്ടലിൽ സൗകര്യമുണ്ട്. എഴുതിത്തയ്യാറാക്കിയ പരാതികളോ പരാതികൾ സംബന്ധിച്ച ചിത്രങ്ങളോ കർഷകർക്ക് പരാതിയുടെ ഭാഗമായി അപ്‌ലോഡ് ചെയ്യാവുന്നതാണ്.

കർഷകർക്ക് എഴുതിത്തയ്യാറാക്കിയ നിവേദനം/പരാതി അതത് കൃഷിഭവനുകളിൽ നേരിട്ട് സമർപ്പിക്കാം.

എഴുതി തയ്യാറാക്കിയ പരാതികൾ കർഷകർക്ക് കൃഷിഭവനിൽ നേരിൽ സമർപ്പിക്കുവാനും സാധിക്കും. AIMS രജിസ്ട്രേഷൻ ഇല്ലാത്ത കർഷകർ കൃഷിഭവനിൽ പരാതി സമർപ്പിക്കുന്ന പക്ഷം ആധാർ, മൊബൈൽ വിവരങ്ങൾ കൂടെ നൽകി രജിസ്ട്രേഷൻ പൂർത്തിയാക്കാവുന്നതാണ്.

നെടുമങ്ങാട് ബ്ലോക്കിൽ നടത്തുന്ന കൃഷിദർശൻ പരിപാടിയുടെ ഭാഗമായി നെടുമങ്ങാട് ബ്ലോക്കിന് കീഴിലെ പഞ്ചായത്തുകളിലെ കർഷകർക്കാണ് പരാതികൾ സമർപ്പിക്കുവാൻ സാധിക്കുന്നത്.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Padmam S., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Hariat Ivan., Design & Layout : Maya Santhosh